കണ്ണൂർ സർവ്വകലാശാല

(സംഗ്രഹം)

ജീവനക്കാര്യം - കോവിഡ് 19 രോഗവ്യാപനത്തിൻറെ പശ്ചാത്തലത്തിൽ സർവ്വകലാശാലാ ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച എല്ലാ നിയന്ത്രണങ്ങളും 05-08-2021 മുതൽ റദ്ദ്ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

ഭരണവിഭാഗം എ സെക്ഷൻ

എഡി എ/എഡി എ3/8060/2021 തീയതി: 05.08.2021

പരാമർശം:-1. 22-04-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്

2. 03-05-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്.

3. 04-05-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്.

4. 19-05-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ സർക്കുലർ.

5. 03-06-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്.

6. 09-06-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്.

7. 16-06-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്.

8. 24-06-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്.

9. 07-07-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്.

10. 26-07-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്.

11. 03-06-2021 ലെ G.O. (Rt) No. 452/2021/DMS നമ്പർ സർക്കാർ ഉത്തരവ്.

12. 04-08-2021 ലെ G.O. (Rt) No. 564/2021/DMS നമ്പർ സർക്കാർ ഉത്തരവ്.

ഉത്തരവ്

1. (1) മുതൽ (10) വരെയുള്ള പരാമർശങ്ങൾ പ്രകാരം കോവിഡ്-19 രോഗ വ്യാപനം തടയുന്നതിൻറെ ഭാഗമായി സർവ്വകലാശാല ബ്രാഞ്ച്/ഓഫീസ്/ വകുപ്പുകളിൽ ജീവനക്കാർ ഹാജരാകുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദേശങ്ങൾ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
2. 2021 ആഗസ്റ്റ് 05 പ്രാബല്യത്തിൽ നിലവിൽ വരുന്ന ഇളവുകളും നിയന്ത്രണങ്ങളും സംബന്ധിച്ച പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശം (12) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 2021 ആഗസ്റ്റ് 05 പ്രാബല്യത്തിൽ പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രാബല്യത്തിൽ വരുന്നതോടു കൂടി സർക്കാർ പുറപ്പെടുവിച്ച മുൻ മാർഗ്ഗനിർദ്ദേശങ്ങൾ അസാധുവാകപ്പെടുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. പുതിയ മാർഗ്ഗനിർദ്ദേശ പ്രകാരം സംസ്ഥാനത്തെ എല്ലാ പൊതുകാര്യാലയങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, കമ്മീഷനുകൾ തുടങ്ങിയവ 2021 ആഗസ്റ്റ് 05 പ്രാബല്യത്തിൽ തിങ്കൾ മുതൽ വെള്ളി വരെ പ്രവർത്തിക്കേണ്ടതാണ്.
3. മേൽ സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നത് പരിഗണിച്ച്, വൈസ്-ചാൻസലർ നൽകിയ അനുമതി പ്രകാരം, താഴെ ചേർത്ത ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.
   i. 2021 ആഗസ്റ്റ് 05 പ്രാബല്യത്തിൽ സർവ്വകലാശാല ബ്രാഞ്ച്/ഓഫീസ്/ വകുപ്പുകൾ മുഴുവൻ ഹാജരോട് കൂടി തിങ്കൾ മുതൽ വെള്ളി വരെ കോവിഡ്-19 പ്രോട്ടോകോൾ അനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.
   ii. സർ വ്വകലാശാല ബ്രാഞ്ച്/ഓഫീസ്/ വകുപ്പുകളുടെ പ്രവർത്തനം, ജീവനക്കാരുടെ ഹാജർ

എന്നിവയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (1) മുതൽ (10) വരെയുള്ള സർവ്വകലാശാലാ ഉത്തരവുകൾ റദ്ദ് ചെയ്യിരിക്കുന്നു .

iii. ഭിന്നശേഷിക്കാർ, ഗുരുതര രോഗബാധിതർ, ഓട്ടിസം, സെറിബ്രൽ പാൾസി, മറ്റ് മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ രക്ഷിതാക്കൾ, ഗർഭിണികൾ, അവയവ മാറ്റ ശസ്ത്രക്രിയക്ക് വിധേയരായവാൻ പോകുന്നവർ/ വിധേയമായവർ (ഹൃദയ വാൽവ് മാറ്റി വയ്ക്കപ്പെട്ടവർ ഉൾപ്പെടെ), ഒരു മാസത്തിന് മുമ്പ് ഗുരുതരമായ ശസ്ത്രക്രിയയ്ക്ക് വിധേയരായിട്ടുള്ളവരും വിധേയരാകാൻ പോകുന്നവരുമായ രോഗികൾ (ശസ്ത്രക്രിയ കഴിഞ്ഞ് പരമാവധി ഒരു മാസത്തേയ്ക്ക്), ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്ന ജീവനക്കാർ എന്നിവർക്ക് പരാമർശം (11) പ്രകാരം സർക്കാർ അനുവദിച്ചിട്ടുള്ളതും പരാമർശം (6) പ്രകാരം സർവ്വകലാശാലയിൽ പ്രാബല്യത്തിൽ വരുത്തിയതുമായ ഇളവുകൾ തുടരുന്നതാണ്.

4. ഉത്തരവുകൾ യഥാവിധി പുറപ്പെടുവിച്ചിരിക്കുന്നു

ഒപ്പ്/-

SAJEEVAN M

അസിസ്റ്റന്റ് റെജിസ്ട്രാർ ( ഭരണ വിഭാഗം )

രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:എല്ലാ ബ്രാഞ്ച്/വകുപ്പ്/ഓഫീസ് മേധാവികൾക്കും

പകർപ്പ്: PS to VC / PA to PVC, R, CE, FO, JD KSAD

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ